അബൂസ്വാലിഹ

## ടോൾസ്റ്റോയ് അനുസ്മരിക്കപ്പെടുന്നു

**പ്രശസ്ത** സാഹിത്യകാരനും തത്ത്വചിന്തകനുമായ ലിയോ ടോൾസ്റ്റോയിയുടെ (1828–1910) നൂറാം ചരമ വാർഷികത്തോടനുബന്ധിച്ച് നിരവധി സാംസ്കാരിക പരിപാടികൾ സംഘടിപ്പിച്ചിരുന്നു റഷ്യയിലെ സാഹിത്യ കൂട്ടായ്മകൾ. *യുദ്ധവും സമാധാനവും*, *അന്നാകരീന* തുടങ്ങിയ ക്ലാസിക് നോവലുകളാണ് ടോൾസ്റ്റോയിക്ക് ലോക സാഹിത്യ ഭൂപടത്തിൽ സ്ഥിര പ്രതിഷ്ഠ നേടിക്കൊടുത്തത്.



● നബിയെക്കുറിച്ചെഴുതിയ കൃതിയുടെ അറബി പരി

സാമൂഹിക നീതിക്കും അധഃസ്ഥിതരുടെ അവകാശങ്ങൾക്കും വേണ്ടി നിരന്തരം ശബ്ദിച്ച പോരാളി കൂടിയായിരുന്നു ടോൾസ്റ്റോയി. ഒരു സമ്പന്ന ജന്മി കുടുംബത്തിലെ അംഗമായിരുന്നെങ്കിലും ജീവിതാന്ത്യം വരെ അദ്ദേഹം പാവപ്പെട്ടവരോടൊപ്പം നിന്നു. ഈ വിഷയത്തിൽ പതിനായിരം ലേഖനങ്ങളെങ്കിലും ഈ മഹാനായ സാഹിത്യകാരൻ എഴുതിയിട്ടുണ്ടത്രെ. 'നൂറ് മില്യൻ റഷ്യൻ കർഷകരുടെ അഭിഭാഷകൻ' എന്ന സ്ഥാനപ്പേരും അദ്ദേഹത്തിന് ലഭിച്ചു.

പ്രവാചകനെക്കുറിച്ചും ടോൾസ്റ്റോയ് ഒരു പുസ്തകമെഴുതിയിട്ടുണ്ട്– *പ്രവാചകൻ മുഹമ്മദിന്റെ ഭരണം* എന്ന പേരിൽ. അതിൽ അദ്ദേഹം എഴുതുന്നു: "മഹാന്മാരായ പരിഷ്കർത്താക്കളിൽ ഒരാളാണ് മുഹമ്മദ് നബി എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു സമൂഹത്തെ ഒന്നടങ്കം അദ്ദേഹം സത്യത്തിന്റെ പ്രകാശത്തിലേക്ക് നയിച്ചു; അവർക്ക് മുമ്പിൽ നാഗരികതയുടെ വഴി തുറന്നു. എത്രമാത്രം കഴിവുകളുണ്ടായിരുന്നാലും ഇത്രമാത്രം മഹത്തായ ധർമം ഒരു വ്യക്തിക്ക് നിറവേറ്റാനാവുകയില്ല... ബുദ്ധിയെയും യുക്തിയെയും സമന്വയിപ്പിക്കുന്ന മുഹമ്മദിന്റെ ധർമസംഹിത ലോകത്തെ നയിക്കുക തന്നെ ചെയ്യും."

## ഉമയ്യ ജുഹക്ക് നാജിഅലി അവാർഡ്

**പ്രശസ്ത** അറബ് കാർട്ടൂണിസ്റ്റായിരുന്ന നാജി അലിയുടെ സ്മരണാർഥം ഏർപ്പെടുത്തിയ അവാർഡ് ഫലസ്തീനി വനിതാ കാർട്ടൂണിസ്റ്റ് ഉമയ്യ ജുഹക്ക്. തുർക്കിയിലെ ഒരു ഫലസ്തീൻ ഐക്യദാർഢ്യ കൂട്ടായ്മയുമായി ചേർന്ന് 'ഫലസ്തീൻ' എന്ന തലക്കെട്ടിലാണ് കാർട്ടൂൺ മത്സരം സംഘടിപ്പിച്ചത്.




1972–ൽ ഗസ്സയിലാണ് ഉമയ്യ ജുഹാ ജനിച്ചത്. പത്രങ്ങളിൽ രാഷ്ട്രീയ കാർട്ടൂണിസ്റ്റായി ജോലിയിൽ കയറിയ ആദ്യത്തെ അറബ് വനിതയെന്ന പദവിയും ഇവർക്ക് സ്വന്തം. 2001–ൽ യു.എ.ഇ പത്രപ്രവർത്തക അവാർഡും 1999–ൽ ഫലസ്തീൻ സാംസ്കാരിക മന്ത്രാലയത്തിന്റെ അവാർഡും ഇവരെ തേടിയെത്തിയിരുന്നു.

## 500 മില്യൻ ഡോളർ നഷ്ടപരിഹാരം വേണമെന്ന്



**കഴിഞ്ഞ** വർഷം റോക്കറ്റാക്രമണത്തിലൂടെ തന്റെ സഹോദരനെയും മകനെയും വധിച്ചതിനും തന്റെ വീട് തകർത്തതിനും 500 മില്യൻ ഡോളർ നഷ്ടപരിഹാരം വേണമെന്ന് പാക് പൗരനായ കരീം ഖാൻ. ഇതാദ്യമായാണ് അമേരിക്കയുടെ അഫ്ഗാൻ അധിനിവേശത്തിന് ശേഷം ഇത്തരമൊരു ഹരജി. ആഭ്യന്തര–അന്താരാഷ്ട്ര കോടതികൾ ഇത് ഫയലിൽ സ്വീകരിക്കുമെന്നാണ് പ്രതീക്ഷയെന്ന് കരീം ഖാന്റെ അഭിഭാഷകൻ ശഹ്സാദ് അക്ബർ പറഞ്ഞു. "മനുഷ്യാവകാശ ലംഘനം നടത്തിയതിനാണ് കേസ് ഫയൽ ചെയ്യുന്നത്. അമേരിക്കയുടെ ലക്കും ലഗാനുമില്ലാത്ത ആക്രമണത്തിന്റെ ഇരകൾ നിരവധിയുണ്ട് അഫ്ഗാൻ–പാക് അതിർത്തി മേഖലകളിൽ. ഇവരാരും നഷ്ടപരിഹാരത്തിന് കേസ് ഫയൽ ചെയ്യാത്തത് അത്ഭുതം തന്നെ." ശഹ്സാദ് അക്ബർ പറഞ്ഞു.

## ഖുർആൻ കത്തിച്ചതിന് യുവതി പിടിയിൽ




**ഖുർആൻ** കത്തിച്ച് അത് വീഡിയോയിൽ പകർത്തിയ കൗമാരക്കാരി ബ്രിട്ടനിൽ പിടിയിൽ. മതവിദ്വേഷം ഇളക്കിവിടാൻ ശ്രമിച്ചു എന്ന കുറ്റമാരോപിച്ചാണ് പതിനഞ്ചുകാരിയായ വിദ്യാർഥിനിയെ ബ്രിട്ടീഷ് പോലീസ് അറസ്റ്റ് ചെയ്തത്. ഖുർആൻ കത്തിക്കുന്നത് വീഡിയോയിൽ പകർത്തിയ ശേഷം അത് തന്റെ സഹപാഠികളെ കാണിക്കുകയായിരുന്നു. 'ഫെയ്സ് ബുക്കി'ലൂടെ അത് പ്രചരിപ്പിക്കുകയും ചെയ്തു. വീഡിയോ ക്ലിപ്പ് പോലീസ് ഇന്റർനെറ്റിൽനിന്ന് നീക്കം ചെയ്തിട്ടുണ്ട്.

ബ്രിട്ടനിലെ വലതുപക്ഷ സംഘടനകൾ നടത്തുന്ന ഇസ്ലാംവിരുദ്ധ പ്രചാരണങ്ങൾ വിദ്യാർഥിസമൂഹത്തെ

സ്വാധീനിക്കുന്നുവെന്നതിന് തെളിവാണ് ഇത്തരം സംഭവങ്ങൾ.

## അനാത്വുലി ഗ്രാന്റ് മോസ്ക്

**ശിൽപചാരുതയിലും** വിസ്തൃതിയിലും ഇസ്തംബൂളിലെ ചരിത്ര പ്രസിദ്ധമായ സുലൈമാനിയ്യ പള്ളിയോട് (ഇതിന്റെ നിർമാണം 1558-ൽ) കിടപിടിക്കുന്ന മറ്റൊരു മസ്ജിദ് അതേ നഗരിയിൽ തന്നെ ഉയരുന്നു. തുർക്കി പ്രധാനമന്ത്രി റജബ് ത്വയ്യിബ് ഉർദുഗാനാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. ഇസ്തംബൂൾ നഗരത്തിന്റെ ഏഷ്യയിൽ ഉൾപ്പെടുന്ന മേഖലയിൽ അത്വശഹീർ തെരുവിലാണ് പള്ളി നിർമിക്കുക.



അനാത്വുലി ഗ്രാന്റ് മോസ്ക് എന്നാവും അതിന്റെ പേര്. ഒന്നര വർഷം കൊണ്ട് പണി പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

പ്രശസ്ത തുർക്കി ആർകിടെക്റ്റ് മഹർറം ഹിൽമി ഷാൻ ആലബിന്റേതാണ് പള്ളിയുടെ രൂപകൽപന. ടോക്കിയോ, ബർലിൻ, മെൽബൺ തുടങ്ങിയ ലോക തലസ്ഥാനങ്ങളിൽ മനോഹരമായ പള്ളികൾ രൂപകൽപന ചെയ്ത് ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട് ഇദ്ദേഹം.

## ഇറാഖിൽ നിരക്ഷരർ പെരുകുന്നു



**ഇറാഖിൽ** 15-നും 55 വയസ്സിനുമിടക്ക് ഏഴര മില്യൻ നിരക്ഷരരുണ്ടെന്ന് വെളിപ്പെടുത്തൽ. ഇവരിൽ മൂന്നിൽ രണ്ടും സ്ത്രീകൾ. 2015-ഓടെ നിരക്ഷരത നിർമാർജനം ചെയ്യാൻ കാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നാണ് ഇറാഖി ഭരണകൂടം പ്രഖ്യാപിച്ചിരിക്കുന്നത്.

ഇരുപത് വർഷം മുമ്പ് 'നൂറ് ശതമാനം സാക്ഷരത' പ്രഖ്യാപിച്ച നാടായിരുന്നു ഇറാഖ്. ഈ പ്രഖ്യാപനം നടത്തുന്ന ആദ്യത്തെ അറബ് രാജ്യം. കഴിഞ്ഞ നൂറ്റാണ്ടിന്റെ എഴുപതുകളിൽ നിരക്ഷരത നിർമാർജനം ചെയ്യാൻ നിരവധി നിർബന്ധ വിദ്യാഭ്യാസ പദ്ധതികൾ ഭരണകൂടം ആവിഷ്കരിച്ചിരുന്നു. അതിന്റെ ഫലമായി 1990-ലാണ് സമ്പൂർണ സാക്ഷരത നേടിയെന്ന പ്രഖ്യാപനമുണ്ടായത്. ■